ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : നാടകവുമായിട്ടുള്ള ഒരടുപ്പം കൊണ്ടുമാത്രമേ ആ രംഗത്തെ പ്രശ്നങ്ങൾ അറിയാൻ കഴിയൂ എന്നുപറയുന്നതിൽ അർത്ഥമില്ല. കലയ്ക്കും സാഹിത്യത്തിനും .....

മി. സ്പീക്കർ : കലാഹൃദയമുണ്ടായാൽ മതി.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : കലയ്ക്കും സാഹിത്യത്തിനും വല്ലാതെ സ്വാധീനിക്കാൻ കഴിയുന്നുണ്ട്.

ശ്രീ. പാലോട് രവി : സർ, അങ്ങ് പ്രൊഫഷണൽ നാടക ട്രൂപ്പുകളിലെ കലാകാരൻമാരെക്കുറിച്ചാണ് പറയുന്നത്. പ്രൊഫഷണൽ നാടക ട്രൂപ്പ് വർഷങ്ങളോളം കൊണ്ടുനടന്ന് അതിന്റെ ദുഃഖങ്ങളും പ്രയാസങ്ങളുമൊക്കെ അനുഭവിച്ചിട്ടുള്ള, ഇന്നും അതിനു നേതൃത്വം കൊടുക്കുന്ന, അവശകലാകാരനെന്നൊന്നും ഞാൻ പറയുന്നില്ല. ആ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച അംഗങ്ങൾ ഈ സഭയിലുണ്ട്. അങ്ങനെ ഏതെങ്കിലും മെമ്പർമാരുടെ സ്വാധീനം ..... ഞാൻ ശ്രീ. പിരപ്പൻകോട് മുരളിയെക്കുറിച്ചാണ് പറയുന്നത്. ശ്രീ. പിരപ്പൻകോട് മുരളിയെപ്പോലെ ഭരണകക്ഷിയിലുള്ള ആരുടെയെങ്കിലും സ്വാധീനം ഈ ബിൽ കൊണ്ടുവരുന്നതിൽ അങ്ങയെ സ്വാധീനിച്ചിട്ടുണ്ടോ?

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : ഞാൻ അവർക്കുകൂടിവേണ്ടിയാണ് ഈ കാര്യങ്ങൾ പറയുന്നത്. കലയ്ക്കും സാഹിത്യത്തിനും ഈ സമൂഹത്തെ വല്ലാതെ സ്വാധീനിക്കാൻ കഴിഞ്ഞിട്ടുണ്ട്. ലോകത്തുണ്ടായിട്ടുള്ള എല്ലാ വിപ്ലവങ്ങളുടെയും പിന്നിൽ ഒരു കലാകാരന്റെ, സാഹിത്യകാരന്റെ തൂലികാ സ്പർശമുണ്ട്. ജനകോടികളിൽ ഇന്നും സ്വാധീനം ചെലുത്തുന്ന ബൈബിളും ഖുറാനും ഭഗവദ്ഗീതയും രാമായണവുമെല്ലാം ഉത്തമസാഹിത്യ സൃഷ്ടികൾ കൂടിയാണ്. കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യ മണ്ഡലങ്ങളിൽ നാടകത്തിന് ചെലുത്താൻ കഴിഞ്ഞിട്ടുള്ള സ്വാധീനം അഗാധവും അവിതർക്കിതവുമാണ്. നമ്മുടെ സംസ്ഥാനത്തെ ജനങ്ങളുടെ രാഷ്ട്രീയബോധം രൂപപ്പെടുത്തുന്നതിൽ നാടകവേദി വലിയ പങ്കു വഹിച്ചിട്ടുണ്ട്. നാടകവും പാട്ടും നാട്യവുമെല്ലാം സമഞ്ജസമായി സമ്മേളിക്കുന്ന നാടകകല നൂറ്റാണ്ടുകളിലൂടെയാണ് ഇവിടെ രൂപപ്പെട്ടുവന്നിട്ടുള്ളത്. കഥകളിയും ഓട്ടൻതുള്ളലും ചാക്യാർകൂത്തും തിരുവാതിരക്കളിയും ഒപ്പനയും മാർഗ്ഗംകളിയുമെല്ലാം ഇതിന്റെ പ്രാക്തനാ ഭാവങ്ങളാണ്.

മി. സ്പീക്കർ : അങ്ങേയ്ക്ക് അടുത്ത ദിവസം തുടരാം. ഇനിയുള്ള ബില്ലും അങ്ങേയുടേതാണ്.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : അരങ്ങത്ത് വിസ്മയം പകരുന്ന ഈ ലോകത്ത് ജീവിക്കുന്ന ആളുകളുടെ ദുരിതപൂർണ്ണമായ ജീവിത പശ്ചാത്തലത്തിലേയ്ക്കാണ് ഞാൻ വിരൽ ചൂണ്ടുന്നത്. (ചർച്ച തുടരും)

(3) 1999-ലെ കേരള കാവു നശിപ്പിക്കൽ നിരോധന, കാവു സംരക്ഷണബിൽ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, 1999-ലെ കേരള കാവു നശിപ്പിക്കൽ നിരോധന, കാവു സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.†

† അനുബന്ധം - VII

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, കാവുകൾ നശിപ്പിക്കപ്പെടുന്നു എന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1995-ൽ ഇതു സംബന്ധിച്ച് ഒരു പരാമർശം സഭയിലുണ്ടായിരുന്നു. അതിനെത്തുടർന്ന് 1996-ൽ കാവു സംരക്ഷണ പദ്ധതി ഗവൺമെന്റ് പ്രഖ്യാപിച്ചു. അതിന്റെ കുറെ പ്രവർത്തനങ്ങൾ നടക്കുകയാണ്. ഒരു കരടുരൂപരേഖ ഉണ്ടാക്കുന്നതിനുവേണ്ടി ചില വിവരങ്ങൾ ശേഖരിച്ചു. കണ്ണൂർ, വയനാട്, മലപ്പുറം എന്നീ ജില്ലകളിൽനിന്ന് രൂപരേഖ കിട്ടി. മറ്റു ജില്ലകളിൽനിന്ന് കിട്ടാനുണ്ട്. ഇതു സംബന്ധിച്ച് ഒരു പദ്ധതി കൂടുതൽ വിപുലമായ രീതിയിൽ ആവിഷ്കരിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുകയാണ്. ഇത്തരത്തിൽ ഒരു ബില്ലിന്റെ അടിസ്ഥാനത്തിൽ കാവു സംരക്ഷണം വന്നാൽ വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നതുകൊണ്ട് തൽക്കാലം ഒരു ബിൽ പ്രായോഗികമല്ല. അതുകൊണ്ട് ഈ ബില്ലിനെ അനുകൂലിക്കാൻ കഴിയില്ല.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, എന്റെ ബില്ലിന്റെ പ്രസക്തിയും ആവശ്യകതയും ബഹുമാനപ്പെട്ട മന്ത്രിതന്നെ സമ്മതിച്ച സാഹചര്യത്തിൽ ഈ ബില്ലിന്റെ പ്രസക്തി വളരെയേറെ വർദ്ധിക്കുകയാണ്. പ്രപഞ്ചം ഒരു പ്രത്യേക താളക്രമത്തിലാണ് സജ്ജീകരിക്കപ്പെട്ടിട്ടുള്ളത്. പ്രപഞ്ചത്തിന്റെ .....

ശ്രീ. പി. രാഘവൻ : അങ്ങ് പ്രപഞ്ചപരമായ കാര്യങ്ങളെപ്പറ്റിയൊക്കെ പറഞ്ഞുകൊണ്ടാണ് ബിൽ അവതരിപ്പിക്കുന്നത്. ഭൗതിക ജീവിതത്തിൽനിന്നു വിരമിച്ച് അവസാനം കാവിലേക്ക് പോകാനുള്ള ശ്രമത്തിന്റെ ഭാഗമായാണോ ഈ ബിൽ എന്നൊരു സംശയം ഉണ്ടായിരിക്കുകയാണ്.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : കാവിനെക്കുറിച്ചുള്ള അങ്ങയുടെ ധാരണ പിശകാണ്. കാവ് ഭൗതിക ജീവിതത്തിന്റെ ഭാഗമാണെന്നാണ് ഞാൻ പറഞ്ഞുവരാൻ പോകുന്നത്. അതങ്ങു ശ്രദ്ധിക്കണം.

ശ്രീ. ടി.എം. ജേക്കബ് ; ഭൗതിക ജീവിതം കഴിയുമ്പോൾ കൊണ്ടുപോയി അടക്കാൻ ഒരു സ്ഥലം വേണ്ടേ, ശവപ്പെട്ടി വേണ്ടേ. അതുകൊണ്ട് ശവപ്പെട്ടി നിർമ്മിക്കുന്ന തൊഴിലാളികൾക്ക് ഒരു ക്ഷേമനിധികൂടി ഏർപ്പെടുത്തിയാൽ ഈ സ്വീകൻസ് പൂർത്തിയാകുമായിരുന്നു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : ശവപ്പെട്ടി നിർമ്മിക്കുന്ന തൊഴിലാളികളെപ്പറ്റി ഒരുതരം അവജ്ഞയോടുകൂടിയാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞതെങ്കിൽ അതു നിർഭാഗ്യകരമാണ്.

മി. ചെയർമാൻ : പുതിയ വിഷയങ്ങൾ കൊടുക്കരുത്, അപകടകരമാണ്.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : പ്രപഞ്ചത്തിന്റെ വിസ്മയജനകമായ ദുരൂഹതയും അനന്തമായ സാധ്യതകളും നമുക്കു മനസ്സിലാക്കാനും പ്രയോജനപ്പെടുത്താനും കഴിഞ്ഞിട്ടില്ല. പ്രകൃതിയുടെയും മനുഷ്യന്റെയും ജീവജാലങ്ങളുടെയും നിലനിൽപ്പ് പരസ്പരം ബന്ധിതമാണ്. മനുഷ്യൻ പുരോഗതിയിലേക്കുള്ള തന്റെ പ്രയാണത്തിൽ പ്രകൃതിയെ പരിക്കേൽപ്പിച്ചു തുടങ്ങിയപ്പോഴാണ് പ്രകൃതിയുടെ താളം തെറ്റിത്തുടങ്ങിയത്. നമ്മുടെ സംസ്കാരിക പൈതൃകം പ്രകൃതിയുമായി സമരസപ്പെട്ടു പോകുന്നതാണ്. പ്രകൃതിക്കെതിരെയുള്ള ഏത് അക്രമവും ഈ സംസ്ക്കാരത്തിന്റെ നിഷേധമാ

LIBRARY ARCHIVES Kerala Legislative Assembly

ണ്. നമ്മുടെ പ്രാചീനമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും എല്ലാം പ്രകൃതിയെ സ്നേഹിക്കുന്നതും ആരാധിക്കുന്നതുമാണ്. നമ്മുടെ ദൈവ സങ്കൽപ്പങ്ങൾ പലതും പ്രകൃതിയുമായി ബന്ധപ്പെട്ടതാണ്. കേരളത്തിന്റെ തനിമയും ശാലീനതയും പ്രകൃതിയെ ഇണക്കിനിർത്തിയതിന്റെ ഫലമാണ്. കേരളീയ കുടുംബങ്ങളുടെ പാരമ്പര്യവും പശ്ചാത്തലവും പ്രകൃതിയുമായി പൊരുത്തപ്പെട്ടു പോകുന്നതാണ്. പച്ചവിരിച്ച നെൽപ്പാടങ്ങളും പാടങ്ങൾക്ക് അതിർതിരിക്കുന്ന കൈത്തോടുകളും തോട്ടുവക്കിലെ കൈതയോലക്കാടുകളും നമ്മുടെ ഗ്രാമീണത്തനിമയുടെ ഭാഗമാണ്. അമ്പലവും അമ്പലമുറ്റവും അരയാലും ആൽത്തറയുമെല്ലാം നമ്മുടെ ഗ്രാമവാസികളുടെ ഒത്തുചേരൽ കേന്ദ്രമാണ്. നമ്മുടെ വീട്ടുവളപ്പിലെല്ലാം ഔഷധ സസ്യങ്ങൾ ധാരാളമായി വളരുന്നുണ്ട്. വീട്ടുമുറ്റത്തെ തുളസിയും തുളസിത്തറയും കൂവളവും വേപ്പുമെല്ലാം നമ്മുടെ ജീവിതത്തിന്റെ ഭാഗമാണ്. നമ്മുടെ പ്രധാന തറവാടുകളോടുചേർന്ന് സർപ്പക്കാവുകൾ ധാരാളമായി ഉണ്ടായിരുന്നു. നമ്മുടെ പുരോഗതിയുടെ ഭാഗമായി കടന്നുവന്ന പരിഷ്കാരങ്ങൾ കാവുകളുടെ നാശത്തിനിടയാക്കിയിട്ടുണ്ടെങ്കിലും ഇന്നും വളരെയധികം കാവുകൾ നിലവിലുണ്ട്. സർപ്പങ്ങൾ ആരാധനാമൂർത്തിയായിട്ടുള്ള ക്ഷേത്രങ്ങൾ ഇവിടെ നിലവിലുണ്ട്. ഹരിപ്പാട് മണ്ണാറശ്ശാലയിലും കണ്ണൂർ ജില്ലയിലെ കയ്യെത്തുനാഗം, പെരളശ്ശേരി, വെട്ടിക്കോട് എന്നിവിടങ്ങളിലും സർപ്പങ്ങളെയാണ് ആരാധിക്കുന്നത്. വീട്ടുമുറ്റത്തുള്ള കാവുകൾ നമ്മുടെ പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിന് വളരെ പ്രയോജനപ്രദമാണ്. ഈ കാവുകൾ സർപ്പങ്ങളുടെ ആവാസ കേന്ദ്രമാണ്. ഇവിടെ വളരുന്ന ഔഷധ സസ്യങ്ങൾ നമ്മുടെ സാമൂഹ്യഘടനയ്ക്ക് വളരെ അനിവാര്യമാണ്. ഈ കാവുകൾ നിലനിർത്തി മുന്നോട്ടുപോകേണ്ടതിന്റെ ആവശ്യകത സമൂഹം ഉൾക്കൊള്ളേണ്ടതാണ്.

മി. സ്പീക്കർ : അങ്ങേയ്ക്ക് അടുത്തദിവസം തുടരാം.(ചർച്ച തുടരും)

(4) 1999-ലെ കേരള ബ്യൂട്ടിപാർലർ തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീ. കെ.സി. വേണുഗോപാൽ : സർ, 1999-ലെ കേരള ബ്യൂട്ടി പാർലർ തൊഴിലാളി ക്ഷേമനിധി ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.†

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, പീടികത്തൊഴിലാളി ക്ഷേമനിധി എന്നപേരിൽ ഒരു ക്ഷേമനിധി ആരംഭിക്കുന്ന കാര്യം ഇതിനകംതന്നെ സർക്കാർ തീരുമാനിച്ചുകഴിഞ്ഞു. ഇതിനായി ലേബർ കമ്മീഷണർ സമർപ്പിച്ച കരടുബിൽ സർക്കാർ പരിശോധിച്ചുവരികയാണ്. പ്രസ്തുത സാഹചര്യത്തിൽ ബ്യൂട്ടി പാർലറിലെ തൊഴിലാളികൾക്കായി ഒരു പ്രത്യേക ക്ഷേമനിധി ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനാർഹമല്ല. അതുകൊണ്ട് ഈ ബില്ലിന് നിയമസഭയിൽ അവതരണാനുമതി നൽകേണ്ടതില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ.സി. വേണുഗോപാൽ : സർ, നമ്മുടെ സംസ്ഥാനത്തെ തൊഴിലില്ലായ്മയുടെ രൂക്ഷമായ മുഖം നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. സ്വയം തൊഴിൽ കണ്ടെത്താനുള്ള മാർഗ്ഗങ്ങൾപോലും അടഞ്ഞുകൊണ്ടിരിക്കുന്ന

† അനുബന്ധം - VIII

LIBRARY ARCHIVES Kerala Legislative Assembly

പത്താം കേരള നിയമസഭ
ബിൽ നമ്പർ 218

അനുബന്ധം - VII

1999 - ലെ കേരള കാവ് നശിപ്പിക്കൽ നിരോധന കാവ് സംരക്ഷണ ബിൽ
(ശ്രീ. പി. പി. സുലൈമാൻ റാവുത്തർ, എം.എൽ.എ നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് അതിപുരാതനകാലം മുതൽ പാരിസ്ഥിതിക സന്തുലിനത കാത്തുപോരുന്ന കാവുകളുടെ അന്യംനിന്നുപോകൽ തടയുന്നതിനും പാരിസ്ഥിതിക സന്തുലിത സാദ്ധ്യമാക്കുന്നതിനും ജൈവ വൈവിധ്യം നിലനിർത്തുന്നതിനും കാവുകളെ സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള

ഒരു

ബിൽ

<u>പീഠിക</u>.-കാവുകൾ ജൈവ വൈവിധ്യ വൈപുല്യത്തോടെയും വൃക്ഷലതാതികളുടെ പുഷ്കലതയോടെയും പാരിസ്ഥിതിക സംരക്ഷണം സാദ്ധ്യമാക്കുന്നതിനാലും പ്രാക്തന കാലംമുതൽക്കേ പ്രകൃതിയുമായി സമരസപ്പെടാനുള്ള മനുഷ്യ ചേതനയെ സംതൃപ്തിപ്പെടുത്തുന്നതിനാലും ജലസ്രോതസ് നിലനിർത്തുന്നതിനാലും ജനസംഖ്യ വിസ്ഫോടനഫലമായും തദ്വാര ഉള്ള നഗരവൽക്കരണഫലമായും വളരെയധികം കാവുകൾ ഇതിനോടകം നശിപ്പിക്കപ്പെട്ടിട്ടുള്ളതിനാലും നിലവിലവശേഷിക്കുന്ന കാവുകളെ അന്യംനിന്ന് പോകലിൽനിന്നും സംരക്ഷിക്കേണ്ടതാവശ്യമാകയാലും കാവ് നശീകരണം നിരോധിക്കേണ്ടതും കാവ് പോഷണം പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാവശ്യമാകയാലും;

ഭാരത റിപ്പബ്ലിക്കിന്റെ 50-ാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു.

1. <u>ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.</u> - (1) ഈ ആക്ടിന് 1999-ലെ കേരള കാവ് നശിപ്പിക്കൽ നിരോധന കാവ് സംരക്ഷണ ആക്ടെന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതായിരിക്കും.

(3) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

2. <u>നിർവ്വചനങ്ങൾ.</u> - ഈ ആക്ടിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,

(എ) 'കാവ്' എന്നാൽ വൈവിധ്യതയാർന്ന് വൃക്ഷലതാദികളോടുള്ള ഉരഗ ചെറുസസ്തനി പറവ വർഗ്ഗങ്ങളുടെ ആവാസകേന്ദ്രവും പ്രാക്തന കാലം മുതൽക്കേ കാർഷികമോ കാർഷികേതരമോ ആയ യാതൊരു പ്രവർത്തനവും നടക്കാത്തതും ആത്മീയാവശ്യകതകൾക്കോ പാരിസ്ഥിതിക സന്തുലിനത സാദ്ധ്യമാക്കുന്നതിനോ കാത്തുപോരുന്നതുമായ സർവ്വ കേന്ദ്രങ്ങളുമെന്നർത്ഥമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 'കാവുടമ' എന്നാൽ കാവ് സ്ഥിതി ചെയ്യുന്ന പുരയിടത്തിന്റെ ഉടമസ്ഥത വഹിക്കുന്ന വ്യക്തിയോ സ്ഥാപനമോ എന്നർത്ഥമാകുന്നു.

(സി) 'കാവ് പരിപാലകൻ' എന്നാൽ ഈ ആക്ടിന്റെ 3-ാം വകുപ്പു പ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു.

(ഡി) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു.

(ഇ) 'ചട്ടങ്ങൾ' എന്നാൽ ഈ ആക്ടനുസരിച്ച് ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ എന്നർത്ഥമാകുന്നു.

(എഫ്) 'കളക്ടർ' എന്നാൽ ജില്ലാ കളക്ടർ എന്നർത്ഥമാകുന്നു.

(ജി) 'കാവ് പരിപാലന ഫണ്ട്' എന്നാൽ ഈ ആക്ടിന്റെ 3-ാം വകുപ്പുപ്രകാരം രൂപീകൃതമാകുന്ന ഫണ്ട് എന്നർത്ഥമാകുന്നു.

3. കാവുപരിപാലകനെ നിയമിക്കുമെന്ന്.- (1) ഈ ആക്ടിന്റെ നടത്തിപ്പിലേക്ക് അതതു ജില്ലാ കളക്ടർമാർ വനം വകുപ്പിന്റെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് കാവ് പരിപാലകരുടെ അധിക ചുമതല നൽകുന്നതായിരിക്കും.

4. കാവ് കനേഷുമാരി നടത്തണമെന്ന്.- (1) ഈ ആക്ട് നിലവിൽ വന്ന് ഒരു കൊല്ലത്തിനുള്ളിൽ ജില്ലാ കളക്ടർമാർ വില്ലേജ് തിരിച്ചുള്ള കാവ് കനേഷുമാരി നടത്തേണ്ടതും, കനേഷുമാരിയിലൂടെ കാവിന്റെ സ്ഥാനം, വിസ്തീർണ്ണം, ഉടമസ്ഥത വഹിക്കുന്ന വ്യക്തിയുടെ അഥവാ സ്ഥാപനത്തിന്റെ പേര് മേൽവിലാസം തുടങ്ങിയ പ്രസക്ത വിവരങ്ങൾ സ്വായത്തമാക്കേണ്ടതുമാണ്.

5. കനേഷുമാരിയിലൂടെ ലഭ്യമായ വിവരം പ്രസിദ്ധീകരിക്കുമെന്ന്.- 4-ാം വകുപ്പു പ്രകാരം നടത്തുന്ന കനേഷുമാരിയുടെ പ്രസക്ത വിവരങ്ങൾ നിർണ്ണയിക്കപ്പെട്ടവിധം അതതു ജില്ലാ കളക്ടർമാർ തങ്ങളുടെ ജില്ലാ ആസ്ഥാനത്തും കാവ് പരിപാലകന്റെ കാര്യാലയങ്ങളിലും പ്രസിദ്ധീകരിക്കേണ്ടതാണ്.

6. ആക്ഷേപങ്ങളും ആവലാതികളും ബോധിപ്പിക്കാമെന്ന്. - (1) 5-ാം വകുപ്പുപ്രകാരം പ്രസിദ്ധീകൃതമാകുന്ന കാവ് സംബന്ധിച്ച വിവരങ്ങളിൽ എന്തെങ്കിലും തെറ്റോ ഉടമസ്ഥത സംബന്ധിച്ചുള്ള തർക്കമോ ഉള്ള പക്ഷം കാവ് സംബന്ധിച്ച വിവരങ്ങൾ പ്രസിദ്ധീകൃതമായി മൂന്നുമാസങ്ങൾക്കകം ആക്ഷേപമോ ആവലാതിയോ ഉള്ളവർ ജില്ലാ കളക്ടർക്ക് ആക്ഷേപമോ ആവലാതിയോ രേഖാമൂലം നൽകേണ്ടതാണ്.

7. ആക്ഷേപാവലാതികളിൻമേൽ ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ട നടപടി. - 6-ാം വകുപ്പുപ്രകാരം ജില്ലാ കളക്ടർക്ക് ലഭിക്കുന്ന ആക്ഷേപാവലാതികളിൻമേൽ യുക്തമായ അന്വേഷണത്തിനും തെളിവു സമാഹരണത്തിനും ശേഷം 5-ാം വകുപ്പുപ്രകാരം പ്രസിദ്ധീകൃതമായ കാവ് സംബന്ധിച്ച പ്രസക്ത വിവരങ്ങളിൽ യുക്തമായ ഭേദഗതി വരുത്തി ജില്ലാ കളക്ടർമാരുടെ ആസ്ഥാനത്തും കാവ് പരിപാലകന്റെ കാര്യാലയത്തിലും പുനഃപ്രസിദ്ധീകരണം നടത്തേണ്ടതാണ്.

8. കളക്ടറുടെ തീരുമാനത്തിൻമേൽ അപ്പീൽ നൽകണമെന്ന് . -(1) കാവിന്റെ സ്ഥാനം, വിസ്തീർണ്ണം, ഉടമസ്ഥത തുടങ്ങിയവയിൽ 7-ാം വകുപ്പുപ്രകാരം കളക്ടർ കൈക്കൊണ്ട നടപടിയിൽ ആർക്കെങ്കിലും ആക്ഷേപമോ ആവലാതിയോ ഉള്ളപക്ഷം, 7-ാം വകുപ്പുപ്രകാരമുള്ള പ്രസി

LIBRARY ARCHIVES Kerala Legislative Assembly

ദ്ധീകരണം മുതൽ മൂന്നുമാസങ്ങൾക്കകം ആവലാതിയോ ആക്ഷേപമോ സംബന്ധിച്ച് ഗവൺമെന്റിന് അപ്പീൽ നൽകേണ്ടതാണ്.

9. അപ്പീൽ തീർപ്പാക്കലും സിവിൽ കോടതിക്ക് റഫർ ചെയ്യലും .-(1) 8-ാം വകുപ്പുപ്രകാരം സർക്കാരിന് ലഭിക്കുന്ന അപ്പീലുകളിൻമേൽ ആറു മാസങ്ങൾക്കകം ബന്ധപ്പെട്ട കക്ഷികൾക്ക് തെര്യപ്പു പത്രികകൾ നൽകി തെളിവെടുപ്പു നടത്തേണ്ടതും തീർപ്പുകൽപ്പിക്കേണ്ടതുമാണ്. എന്നാൽ ഏതെങ്കിലും കേസിൽ തീർപ്പുകൽപ്പിക്കാൻ കഴിയാത്തപക്ഷം അത്തരം കേസുകൾ വിചാരണ ചെയ്യേണ്ട പ്രാഥമിക സിവിൽ കോടതിയിലേക്ക് റഫർ ചെയ്യേണ്ടതാണ്.

10. കാവ് നശീകരണം ശിക്ഷാർഹമായിരിക്കുമെന്ന്.- (1) ഏതെങ്കിലും കാവ് നശിപ്പിക്കുകയോ ന്യൂനവൽക്കരിക്കുകയോ ചെയ്യുന്ന ഏതൊരാളും ഈ ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ചതായി കരുതപ്പെടേണ്ടതും, പ്രസ്തുത കുറ്റത്തിന് പതിനായിരം രൂപവരെയുള്ള പിഴയോ അഞ്ച് വർഷം വരെയുള്ള തടവോ രണ്ടും കൂടിയോ ഉള്ള ശിക്ഷ നൽകേണ്ടതുമാണ്.

11. കാവ് കൈമാറ്റത്തിന് സർക്കാരിന്റെ അനുമതി വാങ്ങിയിരിക്കണമെന്ന്. - (1) ഈ ആക്ട് നിലവിൽ വരുന്ന തീയതി മുതൽ യാതൊരാളും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങാതെ യാതൊരാൾക്കും കാവ് വിൽക്കുകയോ ഏതെങ്കിലും വിധത്തിലുള്ള കൈമാറ്റം നടത്തുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

12. കാവ് വാങ്ങുന്നവർ സർക്കാരിന്റെ അനുമതി വാങ്ങിയിരിക്കണമെന്ന്. -(1) ഈ ആക്ട് നിലവിൽ വരുന്ന തീയതിമുതൽ യാതൊരാളും സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ കാവോ കാവിലെ വൃക്ഷങ്ങളോ കാവിനെ നശിപ്പിച്ചുകൊണ്ടോ, ന്യൂനവൽക്കരിച്ചുകൊണ്ടോ ചൂഷണം ചെയ്യുന്ന ഏതൊരുവിധ കാവുൽപ്പന്നമോ കാവിന്റെ അവിഭാജ്യഘടകങ്ങളായ യാതൊന്നുമോ വാങ്ങുവാൻ പാടുള്ളതല്ല.

13. സർക്കാരിന്റെ അനുമതി ഇല്ലാതെ കാവ് വിൽക്കുകയോ വാങ്ങുകയോ ചെയ്താലുള്ള ശിക്ഷ.- ഈ ആക്ടിന്റെ 11-ാം വകുപ്പിന്റെയോ 12-ാം വകുപ്പിന്റെയോ ലംഘനം നടത്തുന്ന യാതൊരാൾക്കും, അൻപതിനായിരം രൂപവരെ പിഴയോ മൂന്ന് കൊല്ലക്കാലം വരെയുള്ള തടവോ രണ്ടും കൂടിയോ ശിക്ഷയായി നൽകുന്നതായിരിക്കും.

14. കാവ് പരിപാലന ഫണ്ട്. - (1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി കാവ് പരിപാലനത്തിനു കാവുടമസ്ഥർക്ക് ഗ്രാന്റ് നൽകുന്നതിനായി കേരളാ കാവ് പരിപാലന ഫണ്ട് എന്ന പേരിൽ ഈ ആക്ട്പ്രകാരം ഒരു ഫണ്ട് രൂപീകരിക്കുന്നതിനായി ഒരു സ്കീം തയ്യാറാക്കുന്നതും, സ്കീം തയ്യാറാക്കിയതിനുശേഷം കഴിയുന്നതും വേഗം ഈ ആക്ടിലെയും സ്കീമിലെയും വ്യവസ്ഥകൾക്കനുസരിച്ച് ഒരു ഫണ്ട് ഏർപ്പെടുത്തേണ്ടതുമാകുന്നു.

(2) ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി 1-ാം ഉപ വകുപ്പിൻ പ്രകാരം തയ്യാറാക്കിയ സ്കീമിൽ ഈ ആക്ടിൽ പറഞ്ഞിട്ടുള്ള എല്ലാമോ അഥവാ ഏതെങ്കിലുമോ കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) സ്കീം തയ്യാറാക്കിയശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലെ വരാവുന്ന ആകെ പതിനാല് ദിവസ

LIBRARY ARCHIVES Kerala Legislative Assembly

കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ സ്കീമിൽ ഏതെങ്കിലും രൂപഭേദം വരുത്തിയാൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്; എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും രൂപപ്പെടുത്തൽ സ്കീം പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാദ്ധ്യതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

(4) ഒന്നാം ഉപവകുപ്പിൻപ്രകാരം തയ്യാറാക്കുന്നഫണ്ടിൽ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽനിന്നും സർക്കാരേതര സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന സംഭാവനകൾക്കുപുറമേ സർക്കാരിന് യുക്തമെന്ന് തോന്നുന്ന മറ്റു വരവുകൾ വകകൊള്ളിക്കാവുന്നതാണ്.

15. കാവ് ഉടമസ്ഥർക്ക് കാവ് സംരക്ഷണ ധനസഹായം നൽകുമെന്ന്.- 14-ാം വകുപ്പ് പ്രകാരം രൂപീകൃതമാകുന്ന ഫണ്ടിൽ നിന്നും കാവ് ഉടമസ്ഥർക്ക് പ്രതിവർഷ കാവ് സംരക്ഷണ ധനസഹായം കാവ് പരിപാലകൻവഴി സർക്കാർ നൽകുന്നതായിരിക്കും.

16. കാവ് സംരക്ഷണ ഗ്രാന്റിന്റെ പരിമാണ നിർണ്ണയം.-(1) കാവിന്റെ തൊട്ടടുത്തുള്ള, കാവിന്റെ വിസ്തീർണ്ണത്തിനു തുല്യമായ ഭൂമിയിൽ നിന്നും കാർഷികമായോ കാർഷികേതരമായ ഭൂമി ഉപയോഗിക്കലിൽനിന്നും എന്തു വരുമാനം ലഭിക്കുമെന്ന് കാവ് പരിപാലകൻ കണക്കാക്കേണ്ടതും അതിനു തുല്യമായ തുക കാവുടമസ്ഥന് വാർഷിക കാവ് പരിപാലന ഗ്രാന്റായി നിശ്ചയിക്കേണ്ടതുമാണ്.

17. വൈഷമ്യങ്ങൾ നീക്കം ചെയ്യാനുള്ള അധികാരം.- (1) ഈ ആക്ടിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുകയാണെങ്കിൽ സർക്കാരിന് സാഹചര്യം ആവശ്യപ്പെടുന്നതുപോലെ, ഉത്തരവുമൂലം വൈഷമ്യം നീക്കം ചെയ്യുന്ന ഉദ്ദേശത്തിന് ആവശ്യമെന്ന് അവർക്ക് ബോധ്യമായിട്ടുള്ള ഈ ആക്ടിനും അതിൻകീഴിൽ ഉണ്ടായിട്ടുള്ള സ്കീമിനും ചട്ടങ്ങൾക്കും വിരുദ്ധമല്ലാത്ത എന്തും ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഉണ്ടാക്കിയിട്ടുള്ള എല്ലാ ഉത്തരവുകളും നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

18. ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം. -(1) സർക്കാരിന്, ഗസറ്റിൽ വിജ്ഞാപനംമൂലം, ഈ ആക്ടിലെ ഉദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ട് പ്രകാരമുണ്ടാക്കിയ ഓരോ ചട്ടവും അതുണ്ടാക്കിതിനുശേഷം എത്രയുംവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുൻപാകെ ആകെ പതിനാലു ദിവസത്തേയ്ക്ക്-അത് ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ പെടാം-വയ്ക്കേണ്ടതും അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ അതിനു തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും മാറ്റം വരുത്തുകയോ അഥവാ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ അങ്ങനെ മാറ്റം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതോ ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും മാറ്റം വരുത്തലോ അസാധുവാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കേണ്ടതുമാണ്.

ഉദ്ദേശകാരണങ്ങളുടെ വിവരണം

അചിരേണയുള്ള മാനവികതയുടെ പരിപൂർണ്ണതയിലേക്കുള്ള പ്രയാണം സാധ്യമാക്കിയത് വനങ്ങളാണ്. പാരിസ്ഥിതിക സന്തുലിതാവസ്ഥ ഓക്സിജൻ പ്രദാനവും വനങ്ങളാണ് സാധ്യമാക്കുന്നതെന്ന് ശാസ്ത്രീയയാഥാർത്ഥ്യമാണ്. പരാഗവാഹികളായ ഷഡ്പദങ്ങളും പക്ഷികളുമാണ് പരാഗണം നടത്തി കാർഷികവൃത്തിയെ സഹായിക്കുന്നത്. ഔഷധസസ്യങ്ങളുടെ കേദാരവും വനങ്ങളാണ്. സ്തൂലവനങ്ങളുടെ മൈക്രോ രൂപങ്ങളാണ് കാവുകൾ, ജനപദങ്ങൾ കാടുകൾക്കകലെയാകയാൽ കാടിന്റെ നാനാവിധ ഉപയോഗങ്ങൾ ജനപദങ്ങളിലെ മനുഷ്യർക്ക് ലഭ്യമാക്കുവാൻ മുൻതലമുറകൾ നിലനിർത്തിയ സംരക്ഷിത വനശേഷിപ്പാണ് കാവുകൾ. ജൈവ വൈവിധ്യം കാത്തുപോരുന്ന കാവിന് തനതായ ഇക്കോ സിസ്റ്റം തന്നെയാണുള്ളത്. ശാസ്ത്രീയതലധിഷ്ഠിതമായ കാവ് പരിപാലനത്തിന് വലിയൊരു വിഭാഗത്തിന്റെ ആത്മീയാവശ്യകതകളേയും നിറവേറ്റാനാകുന്നുണ്ട്. എന്നാൽ അടുത്ത കാലത്തുണ്ടായ ജനസംഖ്യാ വിസ്ഫോടനം തദ്വാരാ സംജാതമായ നഗരവൽക്കരണവും ഉപഭോക്തൃസംസ്കൃതിയും അമൂല്യവും മൈക്രോ ഇക്കോ സിസ്റ്റങ്ങളുമായ കാവുകളുടെ നശീകരണത്തിനും ന്യൂനവത്ക്കരണത്തിനും വഴിതെളിച്ചു. പ്രാക്തനയുടെ ഹരിത പ്രതീകങ്ങളായ അവശേഷിക്കുന്ന കാവുകളെ നശിപ്പിക്കപ്പെടുന്നതിൽനിന്നും നിയമേന സംരക്ഷിക്കേണ്ടതുണ്ട്.

മുകളിൽ പരാമർശിച്ച ലക്ഷ്യങ്ങൾ സാദ്ധ്യമാക്കാൻ വേണ്ടിയുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ടം

ഈ ആക്ടനുസരിച്ച് സർക്കാരിന് യുക്തമെന്നു തോന്നുന്ന ഒരു പദ്ധതി ആവിഷ്കരിച്ച കാവ് പരിപാലന ഫണ്ട് രൂപീകരിക്കേണ്ടതുണ്ട്. പ്രസ്തുത ഫണ്ട് എത്ര രൂപയുടേതായിരിക്കുമെന്നും ഫണ്ടിലേക്ക് ഏതൊക്കെ വ്യക്തികളിൽ നിന്നും സംഘടനകളിൽനിന്നും എന്തു തുക സംഭാവനയായി ലഭിക്കുമെന്നും മറ്റുമറിഞ്ഞാൽ മാത്രമേ, ഈ ആക്ടിന്റെ നടത്തിപ്പുമൂലം സഞ്ചിത നിധിയിൽ നിന്നും എന്തു തുക ചെലവ് വരുമെന്ന് നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ.

എന്നിരുന്നാലും ഈ ആക്ടിന്റെ നടത്തിപ്പിലേക്കായുള്ള പ്രാഥമിക ചെലവുകളായി സഞ്ചിത നിധിയിൽ നിന്നും ഇരുപത്തിയഞ്ചു ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

പി.പി.സുലൈമാൻ റാവുത്തർ, എം.എൽ.എ

LIBRARY ARCHIVES Kerala Legislative Assembly